പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2228

26.3.2013 ൽ മറുപടിയ്ക്ക്

ഇൻഷ്വറൻസ് വകുപ്പിലെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ.എം.എ.വാഹിദ്<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.കെ.അച്ചുതൻ | ശ്രീ. കെ.എം.മാണി<br>ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| (എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാ ക്കുമോ; | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. 28.1.2010 - ലെ 687/2010/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വകുപ്പിന്റെ കമ്പ്യൂട്ടർ വത്കരണത്തിനും നവീകരണത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. 21.8.2010-ലെ 6397/2010/ധന നമ്പർ ഉത്തരവ് പ്രകാരം ഇൻഷ്വറൻസ് വകുപ്പിനാവശ്യ മായ SLI, GIS, ജനറൽ ഇൻഷ്വറൻസ്, അക്കൗണ്ടിംഗ് എന്നീ 4 മോഡ്യൂളുകളുളള ആപ്ളിക്കേഷൻ സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് 1.22 കോടി രൂപയും 25.1.2011ലെ 568/2011/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയറുകൾ വാങ്ങു ന്നതിന് 1,17,25,000/- രൂപയും കെൽട്രോണിന് നൽകിയിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാ മാണ്; വിശദാംശം നൽകുമോ; | പോളിസി ഉടമകൾക്ക് / ഇടപാടുകാർക്ക് ലഭ്യമാകേണ്ട സേവന ങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശലക്ഷ്യം. |
| (സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതു വഴി ലഭിക്കുന്നത്; വിശദമാക്കുമോ; | 1. എസ്.എൽ.ഐ, ഗ്രൂപ്പ് ഇൻഷ്വറൻസ്, ജനറൽ ഇൻഷ്വറൻസ് സംബന്ധിച്ച് എല്ലാ പ്രവർത്ത നങ്ങളും കമ്പ്യൂട്ടർവത്ക്കരിക്കപ്പെടുന്നു. |

| | |
|---|---|
| | 2. വകുപ്പിന്റെ ഏത് കണക്ക് ശീർഷകത്തിലും കേരളത്തിലെ ഏത് ട്രഷറിയിൽ ഇടപാട് നടന്നാലും അത് വ്യക്തമായും കൃത്യമായും രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം, പോളിസി ലഡ്ജർ കാണുന്നതിനുള്ള സൗകര്യം. |
| (ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശം എന്തെല്ലാമാണ്? | KELTRON, IT MISSION, SPARK, KSWAN, ICAI, MVD എന്നീ ഏജൻസികളാണ് കമ്പ്യൂട്ടർവത്ക്കരണവുമായി ബന്ധപ്പെട്ട് വകുപ്പുമായി സഹകരിക്കുന്നത്. സോഫ്റ്റ് വെയർ ഡവലപ്മെന്റിന്റെയും ഹാർഡ്‌വെയർ / നെറ്റ് വർക്ക് മെയിന്റനൻസിന്റെയും ചുമതല കെൽട്രോണിനും ഓഫീസുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് KSWAN ശൃംഖലയും ഉപയോഗിക്കുന്നു. SPARK-ൽ നിന്നും മോട്ടോർ വാഹന വകുപ്പിൽ നിന്നും വിവരങ്ങൾ Web Interface വഴി ലഭിക്കുന്നു. |

Remadevi

സെക്ഷൻ ഓഫീസർ